**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 നവംബർ 26, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ

മി. സ്പീക്കർ : സംസ്ഥാനത്ത് വളർന്നുകൊണ്ടിരിക്കുന്ന ഭീകരവാദ-തീവ്രവാദ പ്രവർത്തനത്തിനെതിരെ പോലീസ് ചിലരെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും പല പ്രധാനപ്പെട്ട പ്രതികളേയും പിടികൂടാൻ കഴിഞ്ഞിട്ടില്ല. ഇത്തരം ആളുകൾ പല ഭീകരവാദ പ്രവർത്തനങ്ങളിലും ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ജനങ്ങൾ ഉത്കണ്ഠാകുലരാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി.എഫ്. തോമസ്, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : കഴിഞ്ഞ 30 മാസത്തിനിടയിൽ സംസ്ഥാനത്ത് ഒരു ഭീകര വാദ അക്രമവും നടന്നിട്ടില്ല. ഇൻഡ്യയിൽ നടന്ന നിരവധി സ്ഫോടന കേസ്സുകളിൽ കേരളീയരായ ഒരാളും പ്രതിയായിട്ടില്ല. 2008 ഒക്ടോബർ മാസം 4, 11 തീയതികളിൽ ജമ്മുകാശ്മീരിലെ കുപ്പുവാര ജില്ലയിൽപ്പെട്ട പാകിസ്ഥാൻ അതിർത്തിയിലെ വനത്തിനുള്ളിൽവച്ച് സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട 5 പേരിൽ മലയാളികളുണ്ടെന്ന് സംശയിക്കുന്നതായി ജമ്മുകാശ്മീർ പോലീസിന്റെ സന്ദേശം കേരള പോലീസിന് ലഭിച്ചതിനെത്തുടർന്ന് അന്വേഷണം നടത്തുകയും കൊല ചെയ്യപ്പെട്ടവരെ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. കൊല്ലപ്പെട്ടവരിൽനിന്ന് വ്യാജ ഐഡന്റിറ്റി കാർഡുകളാണ് ലഭിച്ചത്. ഇവർ കൊല്ലപ്പെടുന്നതിനുമുമ്പ് കേരളത്തിലെ ചിലരുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നതായി മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും കണ്ണൂർ സ്വദേശി ജലീലിനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഡി.ഐ.ജി.യുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘം ഫലപ്രദമായ അന്വേഷണം നടത്തി വരികയാണ്. ജലീലിനോടൊപ്പം കണ്ണൂർ സ്വദേശികളായ നാലുപേരേയും എറണാകുളം സ്വദേശികളായ രണ്ടുപേരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസിൽ ഏറ്റവും ഒടുവിൽ അറസ്റ്റ് ചെയ്ത അബ്ദുൾ ജബ്ബാറിനെ 15 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്തിരിക്കുകയാണ്. പ്രത്യേക സംഘം നടത്തിയ അന്വേഷണത്തിൽ ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയുടെ മറവിൽ കേരളത്തിലെ ചില യുവാക്കളെ തീവ്രവാദ പരിശീലനം നൽകി കാശ്മീരിലേക്ക് അയച്ചുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സംഘടന കേരളത്തിൽ പ്രവർത്തിച്ചിട്ടുള്ളതായി വിവരം ലഭിച്ചി

ട്ടില്ല. ഈ സംഘടനയ്ക്ക് കേരളത്തിൽ ആരെങ്കിലും ഒത്താശ ചെയ്തുകൊടുത്തിട്ടുണ്ടോയെന്ന് അന്വേഷിച്ചുവരികയാണ്. ഇതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതികൾ ഗൂഢാലോചന നടത്തുകയും സഹായം നൽകുകയും കണ്ണൂർ, മലപ്പുറം, എറണാകുളം ജില്ലകളിലെ യുവാക്കളെ തീവ്രവാദ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുക്കുകയും ചെയ്തു എന്നാണ് പ്രാഥമിക വിവരം. ഇത്തരത്തിൽ തെരഞ്ഞെടുത്ത നാലു പേരാണ് പാകിസ്ഥാൻ അതിർത്തിയിൽവച്ച് ഇൻഡ്യൻ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മരണപ്പെട്ടതായി വിവരം ലഭിച്ചിട്ടുള്ളത്. സംസ്ഥാന ഇന്റലിജൻസ് വിഭാഗമാണ് അന്വേഷിച്ച് കാര്യങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുള്ളത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : തീവ്രവാദ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്ര രഹസ്യാന്വേഷണ വിഭാഗം പലതവണ മുന്നറിയിപ്പുകൾ നൽകിയിട്ടും അത് തടയുന്നതിന് സംസ്ഥാന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നായനാരെ കൊല്ലാൻ ശ്രമിച്ച കേസ്സിലും കളമശ്ശേരിയിൽവച്ച് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ് തീവച്ച കേസ്സിലും പ്രതിയായ പോലീസ് തെരയുന്ന നസീർ ഉൾപ്പെടെയുള്ള 5 പ്രതികൾ ഒളിവിലാണ്. ഗുജറാത്ത്, യു.പി., കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ യുവാക്കൾക്ക് തീവ്രവാദ പരിശീലനം നൽകുന്ന കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. ആർ.എസ്.എസ്., ബജ്രംഗ്ദൾ, എൻ.ഡി.എഫ്., സിമി, പി.ഡി.പി. തുടങ്ങിയ സംഘടനകൾക്ക് എതിരെ കക്ഷിഭേദമെന്യേ ഒരുമിച്ചുനിൽക്കണം. ഈ ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആരോപണം ശരിയല്ല. പ്രധാനമന്ത്രി ഡി.ജി.പി.മാരുടെ സമ്മേളനത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ആരോപണം പത്രവാർത്തകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ആർ.എ.ഡബ്ളിയു.-ൽ നിന്നുള്ള ആളുകൾ കേരളത്തിൽ വന്നതായി കേരള പോലീസിന് യാതൊരു വിവരവും ലഭിച്ചിട്ടില്ല. മിലിട്ടറി ഇന്റലിജന്റ്സിനെക്കുറിച്ചും ആർ.എ.ഡബ്ളിയു.-യെക്കുറിച്ചും ഉന്നയിച്ച കാര്യങ്ങൾ അടിസ്ഥാനരഹിതമാണ്. 2005 സെപ്റ്റംബർ മാസത്തിൽ നടന്ന കളമശ്ശേരി ബസ്സ് കത്തിക്കൽ സംഭവത്തിന്റെ അന്വേഷണം പൂർത്തീകരിച്ചത് 2006 മാർച്ച് മാസത്തിലാണ്. കാശ്മീർ സംഭവത്തിലെ നാലാം പ്രതിയെ അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട ആരേയും രക്ഷിക്കാൻ സർക്കാർ ശ്രമിക്കുകയില്ല. 'സിമി'യുമായി ബന്ധപ്പെട്ട കേസ്സുകൾ സ്പെഷ്യൽ സ്ക്വാഡ് അന്വേഷണം നടത്തിവരികയാണ്. പാനായിക്കുളം, വാഗമൺ സംഭവങ്ങളുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർഗ്ഗീയകലാപങ്ങൾ നടത്തുന്നവർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. 'ജമാ അത്തെ ഇസ്ലാമി' പോലുള്ള സംഘടനകളെപ്പറ്റി ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ട്. ഏത് മതത്തിന്റെ പേരിലുള്ള ഭീകരവാദവും തീവ്രവാദവും സർക്കാർ അടിച്ചമർത്തും. ഇപ്പോൾ കേരളത്തിൽ ഭീകരമായ ഒരന്തരീക്ഷം നിലവിലില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): അടിയന്തിരപ്രമേയത്തിനാധാരമായ സംഭവം ഉണ്ടായത് യു.ഡി.എഫ്. ഭരണകാലത്താണ്. ഒറീസ്സ, കർണ്ണാടക, ആസാം തുടങ്ങി പല സംസ്ഥാനങ്ങളിലും പ്രശ്നങ്ങളുണ്ടായപ്പോഴും കേരളത്തെക്കുറിച്ച് ഇത്തരത്തിലൊരു പരാമർശമുണ്ടായിട്ടില്ല. വാഗമൺ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിലെ ഭീകരവാദത്തെക്കുറിച്ച് സംസാരിക്കുന്ന വേളയിൽപ്പോലും പ്രധാനമന്ത്രി കേരളത്തെക്കുറിച്ച് ഇത്തരത്തിൽ യാതൊന്നും തന്നെ പരാമർശിച്ചിട്ടില്ല. ഇല്ലാത്ത കാര്യങ്ങളെച്ചൊല്ലി ആക്ഷേപം ഉന്നയിച്ച് സംസ്ഥാനത്ത് കുഴപ്പമാണെന്ന് വരുത്തിത്തീർക്കാൻ യു.ഡി.എഫ്. നടത്തുന്ന ശ്രമം ശരിയല്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ജി. കാർത്തികേയൻ, സി.എഫ്.തോമസ്, പി.കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഇഗ്നോയുടെ ബി.എഡ് ബിരുദത്തിന് അംഗീകാരം

ശ്രീ. കെ.സി. വേണുഗോപാൽ: രണ്ടു വർഷം ടീച്ചിംഗ് എക്സ്പീരിയൻസുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷ നടത്തിയാണ് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള ബി.എഡ് ഡിഗ്രി കോഴ്സി

ലേയ്ക്ക് പ്രവേശനം നടത്തുന്നത്. എൻ.സി.ടി.ഇ.യും എം.ജി.,. കേരള, കണ്ണൂർ യൂണിവേഴ്സിറ്റികളും അസോസിയേഷൻ ഓഫ് ഇൻഡ്യൻ യൂണിവേഴ്സിറ്റീസും യു.ജി.സി.യും ഇൻഡ്യയിലെ മറ്റെല്ലാ യൂണിവേഴ്സിറ്റികളും കെ.പി.എസ്.സി.യും അംഗീകരിച്ചിട്ടുള്ള പ്രസ്തുത കോഴ്സ് പഠിച്ചവർക്ക് കേരളത്തിൽ 1996-ൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയപ്പോൾ 'റഗുലർ' എന്ന ഒരു വാക്ക് ഉപയോഗിച്ചിട്ടുണ്ടെന്നു ള്ളതിന്റെ പേരിൽ ഹയർ സെക്കന്ററിയിൽ പഠിപ്പിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പുള്ള അദ്ധ്യാപകർക്കടക്കം ജോലി നഷ്ടപ്പെടുന്ന അവസ്ഥ കേരള ഗവൺമെന്റിന്റെ ഈ തീരുമാനംമൂലമുണ്ടായിരിക്കുന്നു. ഹയർ സെക്കന്ററിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഈ ബിരുദം യോഗ്യതയായി പരിഗണിക്കില്ലെന്നു പറയുന്നത് നീതിനിഷേധമാണ്. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി അദ്ധ്യാപകരെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): വിദൂര വിദ്യാഭ്യാസ പദ്ധതിപ്രകാരം 'ഇഗ്നോ' നടത്തുന്ന ബി.എഡ്. കോഴ്സ് പാസ്സായവർക്ക് കേരളത്തിലെ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാൻ അർഹതയില്ലെന്ന വ്യവസ്ഥ മാറ്റി അവർക്കുകൂടി അനുവാദം നൽകണമെന്നും അതിനായി സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്നുമുള്ള ആവശ്യം സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി

അക്കാഡമിക്കായിട്ട് പരിശോധന നടത്തി സമയബന്ധിതമായി തീരുമാനമെടുക്കുന്നതായിരിക്കും.

(2) തീവ്രവാദ പ്രസ്ഥാനങ്ങൾ സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കേരളത്തിൽ നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ കേരള പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഡി.ജി.പി.മാരുടെ യോഗത്തിൽ പ്രധാനമന്ത്രി പറഞ്ഞത് ആഗോളവൽക്കരണ നയങ്ങളുടെ ഫലമായി ഒരു സംസ്ഥാനത്ത് ഒരു സംഭവമുണ്ടായാൽ അത് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും പടരുമെന്നാണ്. തീവ്രവാദ പ്രവർത്തനങ്ങൾ കർശനമായി തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. മാറാട് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സമീപകാലത്ത് രാജ്യത്ത് വർദ്ധിച്ചുവരുന്ന ഭീകര തീവ്രവാദ പ്രവർത്തനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് നിരവധി തവണ മുന്നറിയിപ്പ് നൽകിയിരുന്നു. അടുത്തകാലത്ത് വിളിച്ചു ചേർത്ത ഡി.വൈ എസ്.പി.മാരുടേ സമ്മേളനത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി മുന്നറിപ്പ് നൽകിയത് തീവ്രവാദികൾ രാസായുധങ്ങൾവരെ ഉപയോഗിക്കാൻ ഇടയുണ്ടെന്നാണ്. അതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രതാ നടപടികൾ സ്വീകരിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ തീവ്രവാദ പ്രവർത്തനം നേരിടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി ചേർന്ന് പോലീസിന് ട്രെയിനിംഗ് നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടകൂടി കേരളത്തിൽ റീജിയണൽ ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ

സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് എ.ഡി.ജി.പി.യുടെ കീഴിൽ ഒരു ഐ.ജി.യുടെ നേതൃത്വത്തിൽ ഇന്റേണൽ സെക്യൂരിറ്റി വിഭാഗം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര ഇന്റലിജൻസിന്റെ സഹായത്തോടുകൂടി ഇതിന്റെ പ്രവർത്തനം ഇനിയും കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കമാൻഡോ യൂണിറ്റ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ബോംബ് സ്ക്വാഡ് രൂപീകരിക്കാനുള്ള ക്രമീകരണം നടത്തിവരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾ കൂടുതലും നടത്തുന്നത് സിറ്റികൾ കേന്ദ്രീകരിച്ചാണ്. അതിനാൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി രൂപകൽപ്പന ചെയ്ത കൺട്രോൾ റൂമുകൾ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. കൊച്ചിയിലും കോഴിക്കോടും സ്ഥാപിക്കുന്നുണ്ട്. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, ഡിജിറ്റൽ മാപ്പ്, മെട്രോ കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവ ഉപയോഗിച്ച് നാല് മിനിട്ടു കൊണ്ടുതന്നെ പോലീസിന് സംഭവ സ്ഥലത്ത് എത്താൻ കഴിയുന്ന തരത്തിൽ ക്രമീകരണം നടത്തിയിട്ടുണ്ട്. നഗരത്തിലെ തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സർവയലൻസ് ക്യാമറ ഉപയോഗിച്ച് വീഡിയോ ചിത്രം കൺട്രോൾ റൂമിൽ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൗണ്ടർ ടെററിസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന് പോലീസ് അക്കാഡമിയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനായി 4178 പോലീസുകാരെ വേക്കൻസിയുടെ അടിസ്ഥാനത്തിൽ ഉടനെ നിയമിക്കുന്നതായിരിക്കും.

ആധുനിക രീതിയിലുള്ള എല്ലാ പരിശീലനവും നൽകി ഏതു വെല്ലുവിളിയേയും നേരിടാൻ കഴിയുന്നവിധം കേരള പോലീസ് സേനയെ സജ്ജമാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മാറാട് കലാപത്തെക്കുറിച്ച് അന്വേഷിക്കാൻ മുൻ യു.ഡി.എഫ്. സർക്കാർ ജസ്റ്റീസ് ജോസഫ് തോമസ് കമ്മീഷനെ നിയമിച്ചിരുന്നു. ആ കേസിനെ സംബന്ധിച്ച് സംസ്ഥാന ക്രൈംബ്രാഞ്ച് കണ്ടെത്തിയ കോൺസ്പിറസിക്ക് പുറമേ ലാർജർ കോൺസ്പിറസിയും ഉണ്ടായിട്ടുണ്ട്. ലാർജ് സ്കെയിൽ ഓഫ് വെപ്പൺ ഉപയോഗം, അന്തർ സംസ്ഥാന ബന്ധങ്ങൾ, സാമ്പത്തിക ബന്ധങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സി.ബി.ഐ.യുടെ അന്വേഷണം വേണമെന്നാണ് കമ്മീഷൻ ശുപാർശ ചെയ്തത്. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഒരു അന്വേഷണം നടത്തണമെന്ന് ക്യാബിനറ്റ് യോഗം കൂടി കേന്ദ്ര ഗവൺമെന്റിനോട് ഒന്നുകൂടി ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും നിയമനം നടത്താതിരിക്കുകയും പ്രായപരിധി കഴിയുകയും ചെയ്തവർക്ക് പ്രത്യേകം പരിഗണന നൽകി നിയമനം നടത്തുമെന്നുള്ള വാഗ്ദാനം നടപ്പാക്കണം. പത്തനംതിട്ട ജില്ലയിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ നിയമനം നടത്തുന്നതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-ന്റെ ലിസ്റ്റിൽ പ്രായപരിധി എത്തിനിൽക്കുന്നവരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വിവിധ വകുപ്പുകൾ വീഴ്ച വരുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള എല്ലാ സ്ഥിരം ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യണമെന്നും ഓരോ വർഷങ്ങളിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി തലേവർഷം ജൂൺ 30-ന് മുമ്പായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ബന്ധപ്പെട്ട എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്. എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നും എത്ര ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തുവെന്നും എല്ലാമാസവും ചീഫ് സെക്രട്ടറിതലത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം കൃത്യമായി റിവ്യൂ ചെയ്യുന്നുണ്ട്. 2008-09 വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ എൽ. പി.എസ്.എ.യുടെ 18 ഒഴിവുകളും യു.പി.എസ്.എ.യുടെ 9 ഒഴിവുകളും റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിക്കഴിഞ്ഞു. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1-ൽ നിന്നുള്ള സ്ഥാനക്കയറ്റമായതിനാൽ അതിന് പ്രായപരിധി മാനദണ്ഡമല്ല.

(2) നൂറനാട് സുജിത് ബാബുവിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

ശ്രീ. കെ.കെ. ഷാജു: ജമ്മുകാശ്മീരിലെ പൂഞ്ചിൽ തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ മരണപ്പെട്ട നൂറനാട് സ്വദേശി സുജിത് ബാബുവിന്റെ കുടുംബത്തിന് സാമ്പത്തിക സഹായവും ആശ്രിതർക്ക് ജോലിയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തീവ്രവാദികളുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട സുജിത് ബാബുവിന്റെ പിതാവായ ശ്രീ. വിജയകുമാറിന് അയ്യായിരം രൂപ അടിയന്തിരസഹായം നൽകിയിട്ടുണ്ട്. യുദ്ധത്തിലോ യുദ്ധസമാനമായ സാഹചര്യത്തിലോ മരണപ്പെടുന്ന ജവാന്മാരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്ന് 5 ലക്ഷം രൂപ നൽകുന്ന പദ്ധതി നിലവിലുണ്ട്. ആ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭിച്ചാൽ ഉടൻ സഹായം നൽകുന്നതാണ്.

(3) മേലാർക്കാട്-ചേരാമംഗലം പാലം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർക്കാട്-ചേരാമംഗലം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ആലത്തൂർ മണ്ഡലത്തിലെ മേലാർക്കാട്-ചേരാമംഗലം ഭാഗത്ത് പുഴയുടെ വീതി 85 മീറ്റർ ഉള്ളതിനാൽ 10.70 മീറ്റർ നീളത്തിൽ 8 സ്പാനുകളിലായി പുതിയ പാലം നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിന് 2007-ലെ ഷെഡ്യൂൾ പ്രകാരം 220 ലക്ഷം രൂപ മതിപ്പ് ചെലവ് വരും. ഇത്രയും തുക ഇപ്പോൾ ഗവൺമെന്റിന് നേരിട്ട് കൊടുക്കാൻ കഴിയാത്തതുകൊണ്ട് നബാർഡിന്റെ ധനസഹായ സ്കീമിൽ ഉൾപ്പെടുത്തി ഈ പദ്ധതി ഏറ്റെടുക്കണമെന്നാണ് ശുപാർശചെയ്തിട്ടുള്ളത്.

(4) സ്കൂളുകളിൽ അഡീഷണൽ ഡിവിഷനുകളും തസ്തികകളും അനുവദിക്കണമെന്ന ആവശ്യം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: കേരളത്തിലെ സ്കൂളുകളിൽ നിലവിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമായി

പരിഷ്ക്കരിക്കാനും കെ.ഇ.ആർ. അനുശാസിക്കുന്നവിധം അഡീഷണൽ ഡിവിഷനുകളും തസ്തികകളും അനുവദിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): വ്യത്യസ്ത കാരണങ്ങളാൽ അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ പൊതുവിദ്യാഭ്യാസ മേഖലയിൽ വരുന്ന സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനനുസരിച്ച് തസ്തികകൾ റദ്ദാക്കപ്പെടുന്നു. എന്നാൽ കുട്ടികൾ വർദ്ധിക്കുന്നതനുസരിച്ച് തസ്തികകൾ ഉണ്ടാകുന്നില്ല. ഇതിന് പരിഹാരമായി കഴിഞ്ഞ കുറേ വർഷങ്ങളായി നിലനിൽക്കുന്ന സ്കൂളുകളിലെ നിയമന നിരോധനം എടുത്തുകളയുക എന്നുള്ളതാണ് ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പും ഉദ്ദേശിക്കുന്നത്.

(5) എസ്.എസ്.എൽ.സി. ബുക്ക് തിരുത്തൽ

ശ്രീ. എം. ഉമ്മർ: എസ്.എസ്.എൽ.സി. ബുക്കുകളിലെ തെറ്റ് തിരുത്തുന്നതിലും ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ അനുവദിക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): എസ്.എസ്.എൽ.സി. ബുക്കുകളിലെ തെറ്റ് തിരുത്തുന്ന പ്രവർത്തനം പരീക്ഷാഭവൻ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുമുമ്പ് ജനന തീയതി തിരുത്തണമെങ്കിൽ പ്രൈമറി സ്കൂളിൽ പഠിക്കുന്ന കുട്ടികളുടേത് എ.ഇ. ഓഫീസിൽ വച്ചും ഹൈസ്കൂളിലെ കുട്ടികളുടേത് ഡി.ഇ. ഓഫീസിൽ വച്ചും തിരുത്തത്തക്കവിധത്തിൽ ഒരു പുതിയ വികേന്ദ്രീകൃത സംവിധാനത്തിന്റെ സാദ്ധ്യതകൾ പിരശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. അപേക്ഷ കൊടുത്തുകഴിഞ്ഞാൽ എത്ര

ദിവസത്തിനുള്ളിൽ പരിഹാരം കണ്ടെത്താൻ കഴിയുമെന്നു കാണിച്ച് മറുപടി അപ്പോൾത്തന്നെ കൊടുക്കത്തക്ക രീതിയിൽ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തി. കെട്ടിക്കിടന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) ഗ്രാമീണ റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.വി. കുഞ്ഞിരാമൻ: വാഹനത്തിരക്കേറിയതും മേജർ പാലങ്ങൾ ആവശ്യമായി വരുന്നതുമായ ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പു മന്ത്രി (ശ്രീ. മോൻസ് ജോസഫ്): പഞ്ചായത്ത്രാജ് ആക്ട് നിലവിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ സംസ്ഥാന പാതകളും പ്രധാന ജില്ലാതല റോഡുകളുമായി നിജപ്പെടുത്തി ഒ.ഡി.ആർ.-കളും ഗ്രാമീണ റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുണ്ടായിരുന്നതും പിന്നീട് വിട്ടുകൊടുത്തതുമായ പ്രധാനപ്പെട്ട റോഡുകൾ തിരിച്ചു നൽകണമെന്ന് സബ്ജക്ട് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വികസന കൗൺസിൽ ചർച്ച ചെയ്യുകയുണ്ടായി. ആരും നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാകാത്തതുമൂലം നിരവധി പ്രാദേശിക റോഡുകൾ സഞ്ചാര യോഗ്യമാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വാഹനത്തിരക്കേറിയ ഗ്രാമീണ റോഡുകളും ശബരിമലയിലേയ്ക്കുള്ള അനുബന്ധ റോഡുകളും ഏറ്റെടുക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇവയുടെ നിർമ്മാണ

പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ്. ഓരോ ജില്ലയിലേയും പ്രാധാന്യമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതും 2008 ഡിസംബർ 31-ന് മുമ്പ് ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുമാണ്.

(7) തൃക്കുന്നപ്പുഴ-വലിയഴീക്കൽ മുട്ടം-പള്ളിപ്പാട്ട് റോഡുകളുടെ നിർമ്മാണം.

ശ്രീ. ബി.ബാബു പ്രസാദ്: ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സുനാമി മേഖലയിൽപ്പെട്ട തൃക്കുന്നപ്പുഴ വലിയഴീക്കൽ റോഡിന്റേയും പള്ളിപ്പാട്ട് പഞ്ചായത്തിലെ മുട്ടം-പള്ളിപ്പാട് റോഡിന്റേയും പണി തുടങ്ങാൻ കരാറുകാരൻ തയ്യാറാകുന്നില്ല. രണ്ടു റോഡുകളുടേയും നിർമ്മാണം എത്രയും വേഗം തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ ടെൻഡർ പ്രകാരം ഏറ്റവും കുറഞ്ഞ ടെൻഡർ സമർപ്പിച്ച കരാറുകാരന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകാൻ തീരുമാനിക്കുകയുണ്ടായി. മുട്ടം -പള്ളിപ്പാട്ട് റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ടെൻഡർ ചെയ്യുകയും കരാറുകാരൻ 17-11-2008-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) <u>സന്ധ്യയുടെ ദുരൂഹമരണം</u>

<u>ശ്രീ. സാജുപോൾ:</u> നവംബർ 15-ാം തീയതി പെരുമ്പാവൂർ വെങ്ങോല മംഗലത്തുവീട്ടിൽ സുരേഷിന്റെ ഭാര്യ സന്ധ്യ സാൻജോ ആശുപത്രിയിലെ ചികിത്സയെത്തുടർന്ന് മരിക്കാനിടയായ സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരേയും പ്രസ്തുത ആശുപത്രിയിൽ സംഘർഷം ഉണ്ടാക്കിയവരേയും കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 15-11-2008-ന് വെങ്ങോല സ്വദേശിയായ സുരേഷിന്റെ ഭാര്യ സന്ധ്യ അവരുടെ കുട്ടിയെ പെരുമ്പാവൂർ സാൻജോ ആശുപത്രിയിൽ കാണിക്കുന്നതിനായി എത്തിയപ്പോൾ അവിടെ വച്ച് സന്ധ്യക്ക് പനിയും വിറയലും അനുഭവപ്പെട്ടതിനെത്തുടർന്ന് വൈകുന്നേരം നാലു മണിക്ക് കാഷ്വാലിറ്റിയിലെ ഡോക്ടർ പരിശോധിച്ച് ഒരു ഇൻജക്ഷൻ നൽകി. തുടർന്ന് അബോധാവസ്ഥയിലായ സന്ധ്യയെ ഐ.സി.യു.വിൽ അഡ്മിറ്റ് ചെയ്തു. അവിടെ ചികിൽസയിലിരിക്കെ 16-11-2008-ന് പുലർച്ചെ 3.20-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അന്നേദിവസം രാത്രി 7.30 മണിയോടുകൂടി മരണപ്പെടുകയും ചെയ്തു. സാൻജോ ആശുപത്രിയിൽ ചികിൽസിച്ച ഡോക്ടറുടെ അനാസ്ഥ കാരണമാണ് സന്ധ്യ മരിച്ചതെന്ന ബന്ധുവായ ഷാജിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയുമാണ്. അന്നേ ദിവസം രാത്രി എട്ടുമണിക്ക് സാൻജോ ആശുപത്രി വക ആമ്പുലൻസ് അടിച്ചുതകർത്ത സംഭവത്തിൽ മറ്റൊരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവേ രാത്രി 8.30 മണിയോടു

കൂടി അമ്പതോളം ആളുകൾ സാൻജോ ആശുപത്രിയിൽ അതിക്രമിച്ചുകയറി ആശുപത്രി ഉപകരണങ്ങൾ അടിച്ചുതകർക്കുകയും ഡ്യൂട്ടിക്ക് എത്തിയ മൂന്നു പോലീസ് ഉദ്യോഗസ്ഥർക്കുനേരെ കല്ലെറിഞ്ഞ് പരിക്കേൽപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. സന്ധ്യയുടെ ഭർത്താവിന്റെ പരാതിപ്രകാരം സാൻജോ ആശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ, രണ്ടു നഴ്സുമാർ എന്നി വർക്കെതിരെ രജിസ്റ്റർ ചെയ്ത കേസും ഡിവൈ.എസ്.പി. അന്വേഷിച്ചുവരിക യാണ്.

(9) കൊരട്ടി ലെപ്രസി ഹോസ്പ്പിറ്റലിനോടനുബന്ധിച്ചുള്ള സ്ഥലത്ത് വികസന പ്രവർത്തനങ്ങൾ

ശ്രീ. ബി.ഡി. ദേവസ്സി: കൊരട്ടി ലെപ്രസി ആശുപത്രിയോടനുബന്ധിച്ച് ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി വികസന പദ്ധതികൾ ആരംഭി ക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) കൊരട്ടി ലെപ്രസി ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലമൊഴി ച്ചുള്ള ഭാഗം വെറുതെ കിടക്കുകയാണ്. 2.93 ഏക്കർ സ്ഥലം കയ്യേറ്റത്തിന് വിധേയമായിട്ടുണ്ട്. അത് ഒഴിപ്പിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കും. വെറുതേ കിടക്കുന്ന സ്ഥലം ആശുപത്രിയുടെ നവീകരണ പ്രവർത്തന ങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതാണ്.

(10) നഞ്ചൻകോട് നിലമ്പൂർ റെയിൽപ്പാത നിർമ്മാണം

ശ്രീ. പി. കൃഷ്ണപ്രസാദ്: നഞ്ചൻകോട് നിലമ്പൂർ റെയിൽപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കിയാൽ തിരുവനന്തപുരത്തുനിന്ന് ബാംഗ്ലൂരിലേക്കും മൈസൂറിലേക്കുമുള്ള യാത്രാ ദൂരത്തിൽ കുറവുണ്ടാകും. കർണ്ണാടക,

ആന്ധ്രാപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങൾക്കും ഈ പാത ഗുണം ചെയ്യുമെന്നതിനാൽ ആ സംസ്ഥാനങ്ങളിലെ മന്ത്രിമാരെക്കൂടി വിളിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി <u>(ഡോ.തോമസ് ഐസക്):</u> നഞ്ചൻകോട്-നിലമ്പൂർ റെയിൽപ്പാതയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിരന്തര പരിശ്രമം നടത്തിയിട്ടുണ്ട്. 1742.19 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പാതയുടെ സർവ്വേ റിപ്പോർട്ട് പരിശോധിച്ച ശേഷമേ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയൂ എന്നാണ് റയിൽവേ മന്ത്രാലയം അറിയിച്ചിരിക്കുന്നത്. കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

2008-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

<u>ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) <u>2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ) :</u> 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം

നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII- ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): മൂലനിയമത്തിലെ ചില പോരായ്മകൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള ഒരു ചെറിയ ഭേദഗതിയാണിത്. തൊഴിലാളികളുടേയും സ്വയംതൊഴിൽ കണ്ടെത്തുന്നവരുടേയും നിലവിലുള്ള അംശദായം 10 രൂപയെന്നത് 20 രൂപയാക്കി വർദ്ധിപ്പിക്കുകയും നൂറിലധികം തൊഴിലാളികളെ നിയോഗിച്ച് പണിയെടുപ്പിക്കുന്ന തൊഴിലുടമ ക്ഷേമനിധി ബോർഡിലടയ്ക്കേണ്ട വിഹിതം 3 രൂപയായി കുറയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഇതിന് സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും വരുന്നില്ല. ക്ഷേമനിധി ബോർഡിൽ നിന്നുതന്നെയാണ് പുതിയ ആനുകൂല്യങ്ങളെല്ലാം കൊടുക്കുന്നത്. അംശദായ വർദ്ധനവിന്റെ ഫലമായി പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം തുടങ്ങിയവ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഏകദേശം നാലുലക്ഷത്തിലധികം തൊഴിലാളികൾക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ഏപ്രിൽ ഒന്നു മുതൽ കുടിശ്ശിക

ആനുകൂല്യങ്ങളെല്ലാം കൊടുക്കുകയും ചെയ്തു. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഈ നിയമ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: I move that This House resolves to disapprove The Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2008 (Ordinance No.23 of 2008). ഇത്തരം ഒരു നിയമഭേദഗതിക്കുവേണ്ടി സഭയുടെ വിലയേറിയ സമയം ഉപയോഗിക്കുന്നത് ഒട്ടും ആശാസ്യമല്ല. തയ്യൽ തൊഴിലാളികളുടെ ക്ഷേമം മുൻനിറുത്തി കൊണ്ടുവന്ന ബില്ലിൽ തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ 10 രൂപയായിരുന്നത് 20 രൂപയാക്കി വർദ്ധിപ്പിക്കുകയും വൻകിട കുത്തക മുതലാളിമാർ നടത്തുന്ന സ്ഥാപനങ്ങളിൽ 100-ൽ കൂടുതൽ തൊഴിലാളികളുണ്ടെങ്കിൽ തൊഴിലുടമ ക്ഷേമനിധി ബോർഡിലേയ്ക്ക് അടച്ചുകൊണ്ടിരുന്ന വിഹിതം 3 രൂപയായി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. ഇത് ഒരു പുരോഗമന സർക്കാരിന് യോജിച്ച മാറ്റമല്ല. സർക്കാർ നൽകുന്ന ഗ്രാന്റിൽ വർദ്ധനവുണ്ടാക്കിയിട്ടില്ല. ചികിത്സാ സഹായം, ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം എന്നിവ നടപ്പിലാക്കുക, ക്ഷേമനിധിയിലെ സർക്കാർ വിഹിതം 10 ശതമാനത്തിൽ നിന്നും 25 ശതമാനമായി വർദ്ധിപ്പിക്കുക, മരണാനന്തര ആനുകൂല്യം 11,000 രൂപയിൽ നിന്നും 25,000 രൂപയാക്കുക, തയ്യൽത്തൊഴിലാളി ക്ഷേമനിധി വ്യാജ അംഗത്വം തടയുക, ജില്ലാ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ക്ഷേമനിധി ഓഫീസുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരുടെ നേരിട്ട് നിയമിക്കുക

തുടങ്ങിയ തയ്യൽത്തൊഴിലാളികളുടെ ആവശ്യങ്ങൾ നടപ്പിലാക്കി അവരുടെ പ്രശ്നങ്ങൾ പരഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. മുരളി: നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. 1994-ലെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന തയ്യൽത്തൊഴിലാളി നിയമമനുസരിച്ചുള്ള പ്രഥമ ക്ഷേമനിധി ബോർഡ് രൂപീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ റൂൾസ് ഫ്രെയിം ചെയ്തത് 1995-ലാണ്. പ്രസ്തുത നിയമത്തിന് രൂപം നൽകിയവരുടെ പ്രതീക്ഷകളെ കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. മൂലനിയമത്തിൽ അംശദായത്തിന്റെ 10 ശതമാനം ഗവൺമെന്റ് ഗ്രാന്റായി കൊടുക്കാൻ വ്യവസ്ഥ ചെയ്യുകയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ അത് വർദ്ധിപ്പിക്കുമെന്ന് പറയുകയും ചെയ്തിരുന്നു. അതുകൊണ്ട് ഈ ബില്ലിൽ പറയുന്ന "എന്നാൽ പ്രതിമാസ അംശദായ തുക പത്തു രൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ അപ്രകാരമുള്ള വർദ്ധനവിന് ആനുപാതിക മായി നിധിയിലേയ്ക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാദ്ധ്യത ഉണ്ടായി രിക്കുന്നതല്ല" എന്ന വ്യവസ്ഥ പിൻവലിക്കണം. നാല് ലക്ഷത്തോളംപേർ പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. നൂറിലധികം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനത്തിന്റെ ഉടമയുടെ വിഹിതം 3 രൂപയാക്കി വെട്ടിച്ചുരുക്കിയ നടപടി പിൻവലിക്കണം. മരണപ്പെടുന്ന തൊഴിലാളികൾക്ക് കൊടുക്കുന്ന ധനസഹായം 10,000 രൂപയിൽനിന്നും 50,000 രൂപയാക്കി വർദ്ധി പ്പിക്കണം.

ശ്രീ. പി. ജയരാജൻ: 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2008 വരെ

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തയ്യൽത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം വളരെ ഫലപ്രദമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഭേദഗതി നിയമത്തിലുള്ളത്. മൂലനിയമം പാസ്സാക്കിയ അവസരത്തിൽ ക്ഷേമനിധി ബോർഡിലേയ്ക്ക് തയ്യൽ തൊഴിലാളികളുടെ വിഹിതം 10 രൂപയും തൊഴിൽ ഉടമകളുടെ വിഹിതം 5 രൂപയുമായിരുന്നു. ക്ഷേമനിധി ബോർഡിനെ നിലനിർത്താൻ കഴിയത്തക്ക നിലയിൽ അംശദായം വർദ്ധിപ്പിക്കേണ്ടതുള്ളതുകൊണ്ടാണ് ഇത്തരം ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം കൂടുന്നതനുസരിച്ച് ക്ഷേമനിധി ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധിബോർഡിന്റെ സാമ്പത്തിക നിലനിൽപ്പ് ഉറപ്പാക്കാൻ അംഗങ്ങളുടെ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന തൊഴിലാളികളോട് പ്രതിബദ്ധത പുലർത്തുന്ന നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. കയറ്റുമതി പ്രധാനമായിട്ടുള്ള വസ്ത്രനിർമ്മാണം വളരെയധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടിയാണ് അവരുടെ ഉടമാവിഹിതം 3 രൂപയായി നിജപ്പെടുത്തിട്ടുള്ളത്. ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുപ്പിക്കാൻ തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളെ നിർബന്ധിക്കുന്നത് തടയാൻ കർശന നിർദ്ദേശം നൽകണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> 2008-ലെ കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തയ്യൽത്തൊഴിലാളി

ക്ഷേമനിധി ബോർഡിൽ 441000 അംഗങ്ങളുള്ളതിൽ 25000-ൽ താഴെയുള്ള അംഗങ്ങൾക്കു മാത്രമാണ് ക്ഷേമനിധിബോർഡിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. തൊഴിലാളി ക്ഷേമനിധി വിഹിതം പ്രതിമാസം 20 രൂപവീതം വർദ്ധിപ്പിക്കുന്നതിനാനുപാതികമായി തൊഴിലുടമാ വിഹിതവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. വൻകിട വസ്ത്ര നിർമ്മാണക്കാരിൽ നിന്നും പ്രതിമാസ തൊഴിലുടമാ വിഹിതം 3 രൂപവീതം പിരിച്ചെടുക്കുന്നത് അവരെ സഹായിക്കുന്നതിനുവേണ്ടിയാണ്. തൊഴിലുടമയെ സഹായിക്കുന്നതിനും തൊഴിലാളികളെ ദ്രോഹിക്കുന്നതിനുമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. തയ്യൽത്തൊഴിലാളി ക്ഷേമനിധിബോർഡിലെ തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത തുക എവിടെ നിക്ഷേപിച്ചിരിക്കുന്നുവെന്ന് പറയാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. അതിന്റെ പലിശത്തുകയുടെ ഒരംശമെങ്കിലും പാവപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യമായി കൊടുക്കണം. തയ്യൽത്തൊഴിലാളികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കണം. തയ്യൽത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ക്ഷേമനിധി ബോർഡ് ഏകകണ്ഠമായി എടുത്ത തീരുമാനം മരവിപ്പിച്ചിരിക്കുകയാണ്. ഈ വിഭാഗത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം. ഈ ബില്ലിൽ പറഞ്ഞിട്ടുള്ള തൊഴിലാളി വിരുദ്ധ വകുപ്പുകൾ ഒഴിവാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഇടപെടലിന്റ ഫലമായാണ് കേന്ദ്ര ഗവൺമെന്റ് തൊഴിൽ നിയമങ്ങൾ ബാധകമാക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ സെസ്സ് നിയമത്തിൽനിന്ന് ഒഴിവാക്കിയത്. അതത് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ റൂൾസ് തയ്യാറാക്കാമെന്നും സെസ് ആക്ടിൽ വ്യവസ്ഥ

ചെയ്തു. പെൻഷനും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തയ്യൽത്തൊഴിലാളി ക്ഷേമനിധിബോർഡ് ഏകകണ്ഠമായി എടുക്കുന്ന തീരുമാനങ്ങളാണ് നടപ്പിലാക്കുന്നത്. ചെയർമാനെ മാറ്റി നിയമിച്ചതൊഴിച്ചാൽ നിലവിലുണ്ടായിരുന്ന തയ്യൽത്തൊഴിലാളി ക്ഷേമനിധിബോർഡിന്റെ ഘടനയിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. തയ്യൽത്തൊഴിലാളികൾ അടക്കമുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും ഈ വർഷം ഏപ്രിൽ 1 മുതൽ കുറഞ്ഞ പെൻഷൻ തുക 200 രൂപയായി വർദ്ധിപ്പിച്ചു. 35 വർഷം സർവ്വീസുള്ള ഒരു തൊഴിലാളിക്ക് 720 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിക്കുകയും കുടിശ്ശികയടക്കം വിതരണം ചെയ്തിട്ടുമുണ്ട്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നത് തയ്യൽത്തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യമാണ്. ആനുകൂല്യം വർദ്ധിപ്പിക്കണമെങ്കിൽ അംശദായം 10 രൂപയിൽനിന്നും 20 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കണം. സ്വന്തമായി ശേഷിയുള്ളതും ഇല്ലാത്തതുമായ വിവിധ ക്ഷേമനിധി ബോർഡുകളുടെ ഏകോപനം സംബന്ധിച്ച ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന മിനിമം പെൻഷനും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് ആശ്വാസം നൽകാനുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. തൊഴിലാളികളുടെ അംശദായവുംകൂടിചേർത്ത് തൊഴിലുടമ അടയ്ക്കും എന്ന പ്രതീക്ഷ ഇല്ലാത്തതുകൊണ്ടാണ് ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ

സ്വസ്ഥ് ഭീമാ യോജനയുടെ (ആർ.എസ്.ബി.വൈ.) അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗത്തിന് ഒരു കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീമും എ.പി.എൽ. വിഭാഗത്തിന് യൂണിവേഴ്സലായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിയും എൽ.ഐ.സി. നടപ്പിലാക്കുന്ന ആം ആത്മി ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയും പ്രാവർത്തികമാക്കുന്നതാണ്. ഇത്തരത്തിൽ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2) <u>2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ):</u> 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 1967-ലെ നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തണമെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ അവതരിപ്പിച്ചത്. കേരളത്തിൽ കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന മൂന്നര ലക്ഷത്തിലധികം തൊഴിലാളികളിൽ 98 ശതമാനവും സ്ത്രീകളും 40 ശതമാനത്തിലധികം എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്നവരുമാണ്. ഈ മേഖലയിലെ ചൂഷണം അവസാനിപ്പി ക്കുന്നതിന് രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികളെ കർശനമായി നിരോധിക്കാനുള്ള നിയമം നടപ്പിലാക്കണം. 2007 ജനുവരി 1-ന് തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിലാക്കിയെങ്കിലും വൻകിട വ്യവസായങ്ങളിലെ ഒരു വിഭാഗം തൊഴിലാളികളൊഴിച്ച് ബാക്കിയുള്ളവർക്ക് കൂലിയും അർഹതപ്പെട്ട ആനുകൂല്യങ്ങളും ലഭിക്കണമെങ്കിൽ സമരം ചെയ്യേ ണ്ടതായി വന്നു. അപ്രകാരം സമരം നടത്തുമ്പോൾ ഈ മുതലാളിമാർ അംഗീകാരമില്ലാത്ത കുടിവറുപ്പ് സ്ഥാപനങ്ങളിൽ അനാരോഗ്യകരവും ശുചിത്വമില്ലാത്തതുമായ സാഹചര്യത്തിൽ വ്യവസായം നടത്തുകയാണ്.

ധാരാളം കിടമൽസരങ്ങൾ ഈ വ്യവസായത്തിലേയ്ക്ക് കടന്നുവരുന്ന പശ്ചാത്തലത്തിൽ ഒരുപാട് ക്രമീകരണങ്ങൾ വരുത്തേണ്ടി വരും. മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭാവി തകരുന്നതോടൊപ്പം തൊഴിലാളികളുടെ അവകാശങ്ങൾ തകർക്കപ്പെടുകയും നാടിന്റെ സമ്പത്ത് കവർന്നെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ ഭേദഗതി അനിവാര്യമായി വന്നത്. അൺരജിസ്റ്റേർഡ് ഫാക്ടറികളിൽ നിന്നും പിടിച്ചെടുത്ത തോട്ടണ്ടി ചീഞ്ഞുപോകാതിരിക്കാൻ പെട്ടെന്ന് ഡിസ്പോസ് ചെയ്യുന്നതിന് ആവശ്യമായ നിയമ ഭേദഗതി കൊണ്ടുവന്ന് നടപ്പിലാക്കി കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന തൊഴിലാളികളേയും വ്യവസായത്തേയും രക്ഷിക്കേണ്ടതുണ്ട്. ചട്ടം ലംഘിക്കുന്നവർക്ക് ഈ ഭേദഗതി അനുസരിച്ച് പരമാവധി ഒരു ലക്ഷം രൂപയും 25000 രൂപയിൽ കുറയാത്ത തുകയുമാണ് പിഴയായി നിശ്ചയിച്ചിരിക്കുന്നത്. ഈ ബിൽ എത്രയും പെട്ടെന്ന് നിയമമാക്കാൻ സഹകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: I move that - This House resolves to disapprove The Unregistered Cashewnut Factories Prohibition (Amendment) Ordinance, 2008 (Ordinance No.25 of 2008). രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളിൽ നിന്ന് പിടിച്ചെടുക്കുന്ന കശുവണ്ടി ഡിസ്പോസ് ചെയ്യാൻ കാപെക്സിനോ കെ.എസ്.സി.ഡി.സി.-ക്കോ കൊടുക്കുകയോ ലേലം ചെയ്യുകയോ ചെയ്യുന്നതും പെനാൽറ്റി ക്ലാസ്സിൽ പിഴയും ശിക്ഷയും ഒരുമിച്ചുള്ള തീരുമാനവും സ്വാഗതാർഹമാണ്. അതേയവസരത്തിൽ ഇത് ഒരു ഓർഡിനൻസ് ആയി കൊണ്ടുവരാതെ ബിൽ അവതരിപ്പിച്ച് പാസ്സാക്കാമായിരുന്നു. മൂന്നു തവണ ഓർഡിനൻസ് കൊണ്ടുവന്നിട്ടും ഒരു

ടൺ കശുവണ്ടിപോലും ഡിസ്പ്പോസ് ചെയ്യുകയോ ഒരു ഫാക്ടറിയിലെയെങ്കിലും മെഷിനറി കണ്ടുകെട്ടുകയോ അതുമായി ബന്ധപ്പെട്ട് ഒരു കേസെടുക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. എം. മുരളി: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. 2007-ൽ കൊണ്ടുവന്ന ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ എത്ര ടൺ തോട്ടണ്ടി പിടിച്ചിട്ടുണ്ട്; എത്ര ഇൻവെന്ററികൾ തയ്യാറാക്കി; എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് ആർ.ഡി.ഒ.മാർക്ക് സബ്മിറ്റ് ചെയ്തു; എത്ര ടൺ തോട്ടണ്ടി ലേലം ചെയ്ത് കാപ്പെക്സിനും കശുവണ്ടി കോർപ്പറേഷനും കൊടുത്തു എന്നതിന്റെ കണക്ക് മന്ത്രി വ്യക്തമാക്കണം. ആലപ്പുഴ ജില്ലയിലും മാവേലിക്കര താലൂക്കിലും ഈ മേഖലയിൽ നടക്കുന്ന തട്ടിപ്പിനെതിരെ എൻഫോഴ്സുമെന്റുകാർ യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല. ഈ ഓർഡിനൻസ് കൊണ്ടുവന്നശേഷം എന്ത് പുരോഗതിയാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കണം. കരളത്തിൽ ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാകുന്നത് കശുവണ്ടി തൊഴിലാളികളാണ്. നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി ആലപ്പുഴ ജില്ല സന്ദർശിച്ച് അവിടെയുള്ള കശുവണ്ടി ഫാക്ടറികളിൽ നടക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്നാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. പല മുതലാളിമാരും ഇതിന് ഉത്തരവാദികളാണ്. നിലവിലുള്ള എൻഫോഴ്സ്മെന്റ് വിംഗുകൊണ്ട് ഈ ചൂഷണം തടയാൻ കഴിയില്ല. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു രജിസ്റ്റേർഡ് ഫാക്ടറിയിൽ 10 പേർ മാത്രമാണ് സ്ഥിരം ജോലിക്കാരായുള്ളത്. അവർക്ക് മാത്രമേ ക്ഷേമനിധി ആനുകൂല്യങ്ങളും കാർഡും മിനിമം വേജസും നൽകിയിട്ടുള്ളൂ. ബാക്കിയുള്ളവർ അടിമകളെപ്പോലെ പണിയെടുക്കുകയാണ്. അടച്ചുപൂട്ടുന്ന ഫാക്ടറികളിലെ പാവപ്പെട്ട തൊഴിലാളികളെ കുടിവറുപ്പ്

കേന്ദ്രങ്ങളിലേയ്ക്ക് തള്ളിവിടുന്ന നടപടിയെയാണ് ആദ്യം നിരോധിക്കേണ്ടത്. രജിസ്റ്റേർഡ് ഫാക്ടറികളിൽ ജോലിക്ക് പോകുന്നവർക്ക് യാതൊരു ആനുകൂല്യവും നൽകാതെ പിൻവാതിലിലൂടെ കശുവണ്ടി വറുക്കുന്ന ഏർപ്പാടിന് അന്ത്യം കുറിക്കണം. രജിസ്റ്റേർഡായിട്ടുള്ള 700 ഫാക്ടറികളിൽ സത്യസന്ധരായ ചില വ്യക്തികൾ നടത്തുന്ന വിരലിലെണ്ണാവുന്ന ഫാക്ടറികളൊഴിച്ച് ബാക്കിയുള്ളവയെല്ലാം ചൂഷണ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പിൻവാതിലിലൂടെ തോട്ടണ്ടി കൊടുത്ത് ജോലി ചെയ്യിക്കുന്ന ചൂഷണത്തിന് അവസാനംകുറിച്ചെങ്കിൽ മാത്രമേ ഈ നിയമനിർമ്മാണംകൊണ്ട് പ്രയോജനം ഉണ്ടാകൂ. കാപ്പെക്സിന്റെയും കോർപ്പറേഷന്റെയും ഫാക്ടറികൾക്ക് മൃഗസമാനമായ അന്തരീക്ഷമാണുള്ളത്. അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് അഞ്ചോ പത്തോ കിലോഗ്രം കശുവണ്ടി വീതം നൽകി വറുത്ത് വാങ്ങിയശേഷം വളരെ ചെറിയ തുക മാത്രം പ്രതിഫലമായി നൽകുന്ന ചൂഷണവും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരേണ്ടതാണ്. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും കീഴിലുള്ള ഫാക്ടറികൾ അടച്ചിട്ട് ഈ ചൂഷണത്തിന് കൂട്ടുനിൽക്കാൻ പാടില്ല. ഇങ്ങനെയുള്ള തട്ടിപ്പിന് നേതൃത്വം കൊടുക്കുന്നവർക്കെതിരെ എൻഫോഴ്സ്മെന്റ് വിഭാഗം നടപടി സ്വീകരിക്കേണ്ടതാണ്. രജിസ്റ്റേർഡ് സ്ഥാപനങ്ങളിലെ പാവപ്പെട്ട തൊഴിലാളികളെ ആട്ടിപ്പായിക്കുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രജിസ്റ്റേർഡ് അല്ലാത്ത ഫാക്ടറികളിലൂടെ

അനധികൃതമായി കശുവണ്ടി സംസ്ക്കരിക്കുകയും അത് തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാവുകയും ചെയ്തതിനാലാണ് ഈ ഓർഡിനൻസ് കൊണ്ടുവരേണ്ട സാഹചര്യമുണ്ടായത്. ഓർഡിനൻസ് അടിയന്തിരമായി കൊണ്ടുവന്നതുപ്രകാരം എത്ര കശുവണ്ടി പിടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വ്യക്തമാക്കണം. തൊഴിലാളികളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി ചില മുതലാളിമാർ നടത്തുന്ന കശുവണ്ടി സംഭരണവും സംസ്ക്കരണവും തടയാനാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. പത്ത് ശതമാനത്തോളം വരുന്ന മുതലാളിമാർ തൊഴിലാളികൾക്ക് പി.എഫ്.ഉും മറ്റാനുകൂല്യങ്ങളും കൊടുക്കാൻ താൽപര്യമുള്ളവരാണ്. രജിസ്റ്റേർഡ് ആയിട്ടുള്ള കശുവണ്ടി വ്യവസായികൾ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുക്കാൻവേണ്ടിയാണ് കാഷ്യൂ സ്പെഷ്യൽ ഓഫീസർമാരെ വയ്ക്കുന്നത്. തൊഴിലാളികളുടെ പി.എഫ്. വിഹിതമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അടയ്ക്കുന്നില്ല. അൺരജിസ്റ്റേർഡ് ഫാക്ടറികളെ കൂടുതൽ പീനലൈസ് ചെയ്യാൻ നിയമം കൊണ്ടുവരുമ്പോൾ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള രജിസ്റ്റേർഡ് ഫാക്ടറികളിൽ തൊഴിൽ വിരുദ്ധകാര്യങ്ങൾ നടക്കുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നുള്ള കാര്യം വ്യക്തമാക്കേണ്ടതാണ്. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പ്രോവിഡന്റ് ഫണ്ട് ഉദ്യോഗസ്ഥർ എന്നിവർ വൻകിട സംരംഭങ്ങൾക്ക് കൂട്ടുനിൽക്കുകയാണ്. ഗവൺമെന്റിൽ നിന്ന് നിയോഗിച്ചിട്ടുള്ള സൂപ്പർവൈസറി സ്റ്റാഫിന്റെ എഗ്രിമെന്റ് കാലാവധി പുതുക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള എൻഫോഴ്സ്മെന്റ് ഫലപ്രദമാകുന്നില്ല. കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി നിയമം അനുശാസിക്കുന്നവിധം കാര്യങ്ങൾ ചെയ്യുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടു.

ഒരു വർഷം 13 ദിവസം വരെ നിയമം അനുശാസിക്കുന്ന ഒഴിവ് ശമ്പളം കൊടുക്കുന്നില്ല. ഇ.എസ്.ഐ. സ്കീം ലേബർ വെൽഫയർ ഫണ്ട് സ്കീം ഇതൊന്നും കശുവണ്ടി മേഖലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഇതിനെതിരെ തൊഴിലാളി സംഘടനകൾ സമരം നടത്തിയിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. സ്ത്രീ തൊഴിലാളികൾ കൂടുതലുള്ള മേഖലയാണിത്. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരം നൽകാനുള്ള സാഹചര്യമുണ്ടാകണം. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിൽ എത്ര തൊഴിൽ ദിനമുണ്ടാകുമെന്നുപോലും ഉറപ്പുപറയാൻ പറ്റാത്ത സാഹചര്യമാണുള്ളത്. ഈ നിയമത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കണമെങ്കിൽ കശുവണ്ടി മേഖലയിൽ രജിസ്റ്റേർഡ് ആയിട്ടുള്ള ഫാക്ടറികളിൽക്കൂടി തൊഴിൽ നിയമം ശക്തമായി നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം.

ശ്രീ. ബി. രാഘവൻ: 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യവസായത്തിന്റെ സ്ഥിരത ഉറപ്പാക്കാനും വ്യവസായത്തിൽ നിലനിൽക്കുന്ന അരാജകത്വത്തിന് അന്ത്യം കുറിക്കാനുമുള്ള ഏറ്റവും ഫലപ്രദമായ ഒരു നിയമനിർമ്മാണത്തിന് നേതൃത്വം കൊടുത്ത തൊഴിൽ വകുപ്പു മന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിലെ ഏറ്റവും പരമ്പരാഗതവും രാജ്യത്തിന് റവന്യൂ വരുമാനവും നേടിത്തരുന്നതുമായ ഒരു വ്യവസായമാണിത്. നാടിന്റെ സാമൂഹ്യ വ്യവസ്ഥിതിയെ മാറ്റിമറിച്ചുകൊണ്ടുള്ള നിരവധി പോരാട്ടങ്ങളിൽ ഈ വ്യവസായ മേഖലയിലെ തൊഴിലാളികൾ വഹിച്ച പങ്ക് ചെറുതല്ല.

ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും നടുവിൽ വ്യവസായത്തിന്റെ നട്ടെല്ലൊടിഞ്ഞു. രാജ്യത്തെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായത്തിന് സുസ്ഥിരത ഉറപ്പാക്കുക എന്നത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടാൻ ഈ ഗവൺമെന്റ് അവർക്ക് കൂലി പുതുക്കി നിശ്ചയിച്ചു. ഈ വ്യവസായ മേഖലയിൽ കടന്നുവന്നിരിക്കുന്ന കമ്മീഷൻ എജന്റുമാരുടെ കൊള്ളയടിക്കെതിരെ വേണ്ട ഇടപെൽ നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ ആനുകൂല്യം സംരക്ഷിക്കാൻ ഇടതുപക്ഷ സംഘടന നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. കുടിവറുപ്പുശാലകളെ നിയന്ത്രിക്കേണ്ടതുണ്ട്. 1967-ലെ മൂലനിയമത്തിൽ ഫലപ്രദമായ നടപടി ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ രംഗത്തെ അരാജകത്വം ഒഴിവാക്കാൻവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഇപ്പോൾ ഇത് നിയമമായി മാറുകുയാണ്. കമ്മീഷൻ ഏജന്റുമാർ സർക്കാരിന്റെ റവന്യൂ വരുമാനത്തെ അട്ടിമറിച്ചു കൊണ്ടിരിക്കുന്നതിനാൽ അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് കർശന ശിക്ഷ നൽകണം. കുടിവറുപ്പ് വ്യാപാരത്തെ തടയാൻ അത്തരം ഫാക്ടറികളുമായി ബന്ധപ്പെട്ടുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ കണ്ടെത്തുന്ന തോട്ടണ്ടി പിടിച്ചെടുത്ത് ലേലം ചെയതില്ലെങ്കിൽ അത് ദേശീയ നഷ്ടമാകും. ആഗോളമാന്ദ്യത്തെത്തുടർന്ന് കശുവണ്ടി കയറ്റുമതി ഇടിഞ്ഞിരിക്കുകയാണ്. ആഭ്യന്തര വിപണി വിപുലപ്പെടുത്താൻ കാപ്പക്സും കാഷ്യൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് വിപുലമായ തോതിൽ ഒരു ട്രേഡ് ഫെയർ സംഘടിപ്പിച്ച് പ്രചരണം നടത്തിയാൽ മാത്രമേ ഈ വ്യവസായം നിലനിർത്താനാവൂ.

കൊല്ലം ആസ്ഥാനമാക്കി ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഈ പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എല്ലാവരും സഹകരിച്ച് എത്രയുംവേഗം ഈ ബിൽ നിയമമാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 1967-ലെ ആക്ട് നടപ്പിലാക്കാനുള്ള ചട്ടങ്ങൾ ഉണ്ടാക്കാൻ അതിനകത്തു തന്നെ ചില ഭേദഗതികൾ വേണമെന്ന് മനസ്സിലാക്കിയതുകൊണ്ട് അതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതി ഓർഡിനൻസാണ് കൊണ്ടുവന്നത്. വ്യവസായങ്ങളെ ഏകോപിപ്പിക്കേണ്ടതും ആനുകൂല്യങ്ങൾ ഉറപ്പുവരുത്തേണ്ടതും വ്യവസായത്തിന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. കേരളത്തിലെ വ്യവസായം സംരക്ഷിക്കപ്പെടുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുകൂലമായ നിലപാട് തന്നെയാണ് സ്വീകരിച്ചിരുന്നത്. കഴിഞ്ഞ മാർച്ച് മാസത്തിൽ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി തന്ന മറുപടിയനുസരിച്ച് കാഷ്യൂബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ബിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും പാസ്സാക്കുമെന്നും പറഞ്ഞിട്ടുണ്ട്. അത് പ്രാവർത്തികമാക്കണമെന്ന ആവശ്യം ചൂണ്ടിക്കാണിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് മെമ്മോറാണ്ഡം കൊടുത്തു. കേന്ദ്ര മന്ത്രിമാർ ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്തു. കെ.എസ്.സി.ഡി.സി. ഇതുവരെ 500 ദിവസം ജോലി കൊടുത്തിട്ടുണ്ട്. അതു തന്നെയാണ് കാപ്പക്സിന്റേയും സ്ഥിതി. ധനകാര്യ വകുപ്പ് ആവശ്യമായ ഫണ്ട് തരുന്നുണ്ട്. ഫാക്ടറികൾ നവീകരിക്കുന്നതിനുള്ള പ്രക്രിയകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുൻപുതന്നെ 40 ഫാക്ടറികളും നവീകരിക്കും. ഇന്നലെ

കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ അവരോട് നല്ല രീതിയിൽ വ്യവസായം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിയമം വന്നാൽ അൺരജിസ്റ്റേർഡ് ഫാക്ടറീസിനെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ കഴിയും. രജിസ്റ്റർ ചെയ്ത ഫാക്ടറികൾ നിയമം കർശനമായി നടപ്പിലാക്കണം. ഈ വർഷം കാസർഗോഡ്, കണ്ണൂർ, കൊല്ലം ആലപ്പുഴ തുടങ്ങിയ വിവിധ ജില്ലകളിൽ കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്. പരമാവധി നഴ്സറികൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അനുവദിച്ച തുക ചെലവഴിക്കും. അടുത്ത ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾപ്പെടുത്തും. കെ.എസ്.സി.ഡി.സി.യേയും കാപ്പക്സിനേയും മാതൃകാ സ്ഥാപനമാക്കി ഈ വ്യവസായത്തിന് ശരിയായ അടിത്തറ സൃഷ്ടിച്ച് കാഷ്യൂ ബോർഡ് രൂപീകരിച്ചുകൊണ്ട് കേരളത്തിൽ വ്യവസായം നിലനിർത്താൻ ആവശ്യമായിട്ടുള്ള പ്രവർത്തനത്തിന് എല്ലാവരും കൂട്ടായ ശ്രമം നടത്തണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും എന്ന VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(3) 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷണറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 14 ജില്ലാ സഹകരണ ബാങ്കുകൾ വഹിക്കുന്ന പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ആസ്തി കൊണ്ടും നിക്ഷേപ ശക്തികൊണ്ടും വായ്പകൾ നൽകുന്ന കാര്യത്തിലും മറ്റു സാമ്പത്തിക നയങ്ങൾ സൂക്ഷിക്കുന്ന കാര്യത്തിലും ഇവ ഒന്നാം സ്ഥാനത്താണ്. ഡെപ്പോസിറ്റ് സ്വീകരിക്കാനും കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായാണ് ഈ ബാങ്കുകൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളും അർബൻ ബാങ്കുകളും

മാത്രം അംഗത്വമുള്ള ഒരു അപ്പെക്സ് ബോഡിയായി ഓരോ ജില്ലയിലും ഒന്ന് എന്ന രീതിയിലാണ് ജില്ലാസഹകരണ ബാങ്കുകൾ കൊണ്ടുവന്നത്. അത് ഏറ്റ വും മികച്ച ഒരു നടപടിയായിരുന്നു എന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. നിക്ഷേപം വാങ്ങിക്കൊണ്ട് കോടിക്കണക്കിന് രൂപ വായ്പകൊടുത്ത് ജനങ്ങളെ സഹായിക്കുന്ന ക്രെഡിറ്റ് സംഘങ്ങൾക്ക് ലോൺ എടുക്കാനുള്ള അധികാരം ഇല്ലാതിരിക്കുക എന്നുള്ളത് നിയമത്തിൽ നിന്ന് ഒഴിവാ ക്കേണ്ടതാണ്. ആറാം സഹകരണ കോൺഗ്രസിലും കക്ഷിഭേദമന്യേ എല്ലാ വരും യോജിച്ച് വിശദമായി നടത്തിയ ചർച്ചയിലും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് യൂണിയൻ ചെയർമാന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ കേരളമാകെ നടത്തിയ സിറ്റിംഗുകളിലും ബില്ലിൽ ഭേദഗതി വേണമെന്ന പൊതു അഭിപ്രാ യമാണ് ഉണ്ടായത്. അതിനുശേഷമാണ് ഈ നിയമം കൊണ്ടുവന്നത്. കേരളത്തിൽ 14 ജില്ലകളിലായി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് 2692 ബ്രാഞ്ചു കളുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 303 പുതിയ ബ്രാഞ്ചുകൾ തുടങ്ങി. സംസ്ഥാന സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനവും വർദ്ധിച്ചിട്ടുണ്ട്. എല്ലാ വർഷവും ഫെബ്രുവരിമാസം കുടിശ്ശിക നിവാരണ മാസമായി പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ പ്രവർത്തനത്തിലുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിലും വമ്പിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളെ സ്ട്രെംഗ്തൻ ചെയ്യുക എന്ന താണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശം.

<u>ശ്രീ. വി.ഡി. സതീശൻ:</u> I move that - "This House resolves to disapprove The Kerala Co-operative Societies (Amendment) Ordinance, 2008 (Ordinance No.29 of 2008). സഹകരണ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ

നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ ഏതെങ്കിലും രീതിയിൽ സഹായിക്കാനോ അവരുടെ പ്രവർത്തനം മെച്ചപ്പെടുത്താനോ മാർഗ്ഗനിർദ്ദേശം നൽകാനോ ഉതകുന്ന യാതൊന്നും ഈ ഓർഡിനൻസിലോ ഓർഡിനൻസ് റീപ്ലേയ്സ് ചെയ്തുകൊണ്ടുള്ള ബില്ലിലോ ഇല്ല. യു.ഡി.എഫിന്റെ കൈവശമിരിക്കുന്ന ജില്ലാ ബാങ്കുകളെ പിടിച്ചെടുക്കാനുള്ള രാഷ്ട്രീയപ്രേരിതമായ ഒരു ഓർഡിനൻസാണിത്. ജില്ലാ സഹകരണ ബാങ്കിന്റെ ജുറിസ്ഡിക്ഷൻ ഒരു റവന്യു ഡിക്ട്രിക്ട് വരെയാകാൻ കഴിയുന്ന തരത്തിൽ ഒരു പുതിയ നിർവചനം കൊടുത്തിരിക്കുന്നത് ശരിയല്ല. കൃത്യതയില്ലാത്ത ഡെഫനിഷനാണ് ഇതിന് കൊടുത്തിരിക്കുന്നത്. അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്കുവരുന്ന അവസരത്തിൽ ഇതിന് കുറച്ചുകൂടി വ്യക്തത ഉണ്ടാക്കണം. 18-ാം വകുപ്പിന്റെ ഭേദഗതിയിലൂടെ absurd. ആയിട്ടുള്ള സംഘങ്ങൾക്ക് അസോസിയേറ്റ് മെമ്പർഷിപ്പ് കൊടുത്തിരിക്കുകയാണ്. അവർക്ക് വോട്ടവകാശമില്ല. 63-ാം വകുപ്പിന്റെ ഭേദഗതിയായിട്ട് അഞ്ചും ആറും പുതിയ ഉപവകുപ്പുകൾ കൊണ്ടുവന്നിരിക്കുകയാണ്. ഈ ബിൽ ഒരു കാരണവശാലും സംസ്ഥാനത്തെ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന തരത്തിലല്ല കൊണ്ടുവന്നിരിക്കുന്നത്. സഹകരണവർഷം മാർച്ചിൽ പൂർത്തിയായാൽ മൂന്നു മാസത്തിനകം സംഘങ്ങൾ റിട്ടേൺ ഫയൽ ചെയ്യണം. അടുത്ത മൂന്നു മാസത്തിനകം റിട്ടേൺ ഫയൽ ചെയ്താലും ഇല്ലെങ്കിലും അത് ഡിപ്പാർട്ടുമെന്റ് ആഡിറ്റ് ചെയ്ത് അവർക്ക് കൊടുക്കണം. പത്തുവർഷമായിട്ടും ആഡിറ്റ് ചെയ്യാത്ത സംഘങ്ങൾ ഉണ്ട്. ആഡിറ്റിംഗിൽ വരുന്ന ഡിലേ സഹകരണ സംഘങ്ങളെ സാമ്പത്തികമായും

നിയമപരമായും ഗൗരവതരമായി ബാധിക്കും. സംസ്ഥാന സഹകരണ രംഗത്തെ ആഡിറ്റിംഗ് സംവിധാനം വളരെ അപര്യാപ്തമാണ്. ആഡിറ്റിംഗ് കൃത്യസമയത്ത് നടത്താത്തതിനാൽ ഇൻകം ടാക്സ് റിട്ടേൺസ് ഫയൽ ചെയ്യാൻ കഴിയുന്നില്ല. പല സംഘങ്ങളും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ പെനാൽറ്റി അടച്ചുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് കൃത്യസമയത്ത് ആഡിറ്റ് നടത്താത്തതുകൊണ്ട് ചാർട്ടേഡ് അക്കൗണ്ടന്റിനെ വച്ച് ആഡിറ്റ് നടത്തേണ്ടിവരുന്നതുമൂലം അധികച്ചെലവുകൾ സംഘങ്ങൾക്കുണ്ടാകുന്നുണ്ട്. സംഘങ്ങളുടെ ആഡിറ്റിനുവേണ്ടി പൊതുവായിട്ടുള്ള ഒരു സോഫ്റ്റ്‌വെയർ ഉണ്ടായിരിക്കണം. ആക്ടും റൂളും നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരായ ഡിപ്പാർട്ടുമെന്റിനെയും അതിലെ ഉദ്യോഗസ്ഥൻമാരേയും ഉപയോഗിച്ചുകൊണ്ട് നിർബന്ധിതപിരിവ് നടത്തുകയാണ്. റീസ്ട്രക്ച്ചർ ചെയ്യാനുള്ള സാമ്പത്തിക സഹായം കൂടി നൽകാമെന്ന കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം സ്വീകരിച്ച് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നുവെങ്കിൽ 1500 കോടി രൂപ സഹകരണ രംഗത്തേക്ക് ലഭിക്കുമായിരുന്നു. കേരളത്തിലെ സഹകരണ മേഖല തകർന്നാൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. സംസ്ഥാനത്തെ പാവപ്പെട്ട ആളുകളുടെ പണം സ്വരൂപിച്ചുകൊണ്ടുണ്ടാക്കിയ സഹകരണസ്ഥാപനങ്ങൾക്ക് പൊതുമേഖലയുടെ സ്വഭാവമുണ്ട്. അവിടെ നിന്ന് കൊടുക്കുന്ന പണം കൃത്യസമയത്ത് തിരിച്ചടയ്ക്കാതെ വന്നാൽ ധനകാര്യ സ്ഥാപനങ്ങൾക്ക് അപകടം ഉണ്ടാകും. കുടിശ്ശിക പിരിക്കാൻ ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യുന്നില്ല. കണക്ക് കാണിക്കാൻ വേണ്ടി ഡിസംബറിനുമുമ്പ് പലിശയടക്കം അടച്ച് വായ്പ പുതുക്കി ബുക്ക് അഡ്ജസ്റ്റുമെന്റ് മാത്രമാണ് നടക്കുന്നത്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ ഒരു കട്ട് ഓഫ് ഡേറ്റുവച്ച് കർഷക കടം എഴുതിത്തള്ളിയ

പ്പോൾ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു നേട്ടവും കിട്ടാതെ പോയത്. ശതശതമാനം കേരളീയം കോടിക്കണക്കിന് രൂപ സഹകരണ സംഘത്തിന് നേടിത്തരുന്നു എന്നുപറയുന്ന വാദത്തിന് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. ആഡിറ്റ് പ്രൊസീഡ്യുവേഴ്സ് കുറച്ചുകൂടി മെച്ചപ്പെടുത്തണം. ജില്ലാ ബാങ്കിൽ സൊസൈറ്റികൾക്കുണ്ടായിരുന്ന അംഗത്വം എടുത്തുമാറ്റി അവരെ 18-ാം വകുപ്പിന്റെ ഭേദഗതിയിൽ കൂടി അസോസിയേറ്റ് മെമ്പർമാരായി തിരിച്ചുകൊണ്ടുവന്നിരിക്കുന്നത് അവർക്ക് വോട്ടവകാശം ഉണ്ടാകാൻ പാടില്ല എന്നുള്ള ദുരുദ്ദേശത്തോടുകൂടിയാണ്. ഈ ബില്ലിൽ സഹകരണ പ്രസ്ഥാന ത്തെയോ സഹകരണ ബാങ്കിനെയോ രക്ഷിക്കാനുതകുന്ന യാതൊന്നുമില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന് കാലാകാലങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് സർവീസ് സഹകരണ ബാങ്കുകളുടേയും ജില്ലാ സഹകരണ ബാങ്കുകളുടേയും ഒരു അപ്പെക്സ് സഹകരണ സ്ഥാപനം മാത്രമല്ല; സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപന ങ്ങളുടേയും മുകളിലുള്ള ഒരു അപ്പെക്സ് സംഘമാണ്. സ്റ്റേറ്റ് കോ-ഓപ്പറേ റ്റീവ് ബാങ്കിനെ ജില്ലാ സഹകരണ ബാങ്കുകളുടേയും സർവീസ് സഹകരണ ബാങ്കുകളുടേയും മാത്രം ഒരു അപ്പെക്സ് സംഘടന എന്ന നിലയിലേയ്ക്ക് കൊണ്ടുവരുന്നത് അതിന്റെ പ്രവർത്തനത്തെ ചുരുക്കുന്ന നടപടിയാണ്. സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രതിനിധികൾക്കാണ് ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ കൂടുതൽ അംഗങ്ങളെ റിസർവ് ചെയ്തിരിക്കുന്നത്. മറ്റ് സംഘങ്ങൾക്ക് രണ്ടോ അതിൽ കുറവോ അംഗങ്ങ ളാണുള്ളത്. പക്ഷെ ഭരണം പിടിച്ചെടുക്കാൻ മറ്റു സംഘങ്ങളുടെകൂടി പങ്കാളിത്തം ആവശ്യമാണ്. അതുകൊണ്ടാണ് അവരുടെ വോട്ടവകാശം

ഇല്ലാതാക്കുന്ന ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതി യിൽക്കൂടി സഹകരണ ബാങ്കിന്റെ സാമ്പത്തിക ഇടപാടുകളിൽ ഒരു നേട്ടവും ഉണ്ടാക്കാൻ കഴിയുകയില്ല. അഖിലേന്ത്യാ തലത്തിൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ നവീകരണത്തിനുവേണ്ടിയും പുനരുദ്ധാരണ ത്തിനുവേണ്ടിയും റിസർവ് ബാങ്ക് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു. ആ പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച എം.ഒ.യു.വിൽ 24 സംസ്ഥാനങ്ങൾ ഒപ്പുവച്ചതിനുശേഷമാണ് കേരളം ഒപ്പുവച്ചിരിക്കുന്നത്. അതിനകത്ത് 3000 കോടി രൂപയുടെ നിക്ഷേപങ്ങളുണ്ട്. അതിൽ കേരളം റിസർവ് ബാങ്കുമായി സഹകരിക്കാതിരിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ പലതിനും ആർ.ബി.ഐ ലൈസൻസില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. നേരത്തെ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കായി പ്രവർത്തിക്കുകയും ലൈസൻസ് ലഭിക്കാതിരിക്കുകയും ചെയ്ത സ്ഥാപനങ്ങൾ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്ന നിലയിൽ നിലനിർത്താൻ പറ്റാത്ത സാഹചര്യം പരിശോധിക്കണം. ജില്ലാ സഹകരണ ബാങ്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി മാത്രം ഇടപാട് നടത്തിയാൽ നിക്ഷേപം ലാഭകരമായി വിനിയോഗിക്കാൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. പ്രവർത്തനക്ഷമ മല്ലാത്ത സംഘങ്ങളെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. ഒരു ധനകാര്യസ്ഥാപനം ആഡിറ്റ് ചെയ്യുന്നതിന് നിലവിലുള്ള ആഡിറ്റർമാർ കഴി വുള്ളവരാണോയെന്ന് പരിശോധിക്കണം. ആഡിറ്റർ എഴുതിയത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാലും തിരുത്താൻ വകുപ്പില്ല എന്ന സ്ഥിതി വിശേഷത്തെക്കുറിച്ച് പരിശോധിക്കണം. ഓരോ സഹകരണ സംഘത്തേയും നഷ്ടത്തിലാക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന വിധത്തിലുള്ള ആഡിറ്റിംഗ്

സംവിധാനം നിലനിൽക്കുന്നതിനാൽ അതിനു പരിഹാരം കാണണം. അപ്പെക്സ് സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ ചെലവ് സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം. മാനേജിംഗ് ഡയറക്ടറെ ഉപയോഗിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന രീതി ജനാധിപത്യവിരുദ്ധമാണ്. സഹകരണ സംഘങ്ങളേയും നോൺ ഒഫീഷ്യൽ മെമ്പേഴ്സിനെയും ഭീഷണിപ്പെടു ത്താനുള്ള ആയുധമായി ആഡിറ്റേഴ്സിനെ ഉപയോഗിക്കരുത്. സാമ്പത്തിക കുറ്റം ആരോപിച്ചുകൊണ്ട് ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക സഹകരണസംഘങ്ങളുടെയും കാർഷിക-ഗ്രാമീണ വികസന ബാങ്കുകളു ടെയും ഭരണസമിതികളെ പിരിച്ചു വിടുന്ന പ്രവണത അവസാനിപ്പിക്കണം. കേരളത്തിലെ ഭൂരിപക്ഷം സർവ്വീസ് സഹകരണബാങ്കുകളും കാർഷിക വികസന ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നിക്ഷേപ സമാഹരണത്തിലൂടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതുകൊണ്ടാണ് സർവ്വീസ് സഹകരണ ബാങ്കുകൾ നിലനിൽക്കുന്നതെന്നുള്ള യാഥാർത്ഥ്യം വിസ്മരിക്ക രുത്. ലോട്ടറി മുഖേനയുള്ള നിക്ഷേപസമാഹരണത്തിലൂടെ ജീവനക്കാരെ വീർപ്പുമുട്ടിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. കാർഷിക വികസന ബാങ്കുകളുടെ സെക്കന്റ് റിപ്പോർട്ട് അംഗീകരിച്ച് അവയെ നഷ്ടത്തിൽ നിന്നും കരകയറ്റണം. ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിലൂടെ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കുന്ന രീതി അവസാനിപ്പിക്കണം. സഹകരണസ്ഥാപ നങ്ങളെ സാമ്പത്തികമായി ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരി ക്കണം.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2008 വരെ

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനുമായി 1969-ലെ കേരള സഹകരണ സംഘം ആക്ടിൽ ജില്ലാ സഹകരണ ബാങ്കിന്റെയും അർബൻ സഹകരണ ബാങ്കിന്റെയും നിർവ്വചനങ്ങൾ ഭേദഗതി ചെയ്യുന്നതിനും പ്രാഥമിക സഹകരണസംഘത്തിന്റെ നിർവ്വചനം കൂട്ടിച്ചേർക്കുന്നതിനും സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് നടത്തേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. കേരളത്തിന്റെ ക്രെഡിറ്റ് മേഖലയിൽ ത്രീടയർ സിസ്റ്റമാണ് നിലവിലുള്ളത്. ജില്ലാ ബാങ്കുകളുടെ അപ്പെക്സ് സ്ഥാപനമായി സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നു. പ്രാഥമിക കാർഷിക സഹകരണബാങ്കുകൾക്കാണ് ഇന്ന് 55 ശതമാനം ലോണും കൊടുത്തുകൊണ്ടിരിക്കുന്നത്. റബ്കോ ഏറ്റവും കൂടുതൽ ആളുകൾക്ക് പണി കൊടുക്കുന്ന ഏറ്റവും വലിയ സഹകരണ സ്ഥാപനമായി വികസിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ മേഖലയിലെ ത്രീടയർ സിസ്റ്റത്തെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കടലാസ് സ്ഥപനങ്ങൾക്ക് ആസ്തി നോക്കാതെ കൊടുത്തിട്ടുള്ള വായ്പകൾ തിരിച്ചുപിടിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. സഹകരണ സംഘവുമായി ബന്ധമില്ലാത്ത ആളുകൾ സഹകരണ മേഖലയിൽ ഭാരവാഹികളായി വരുന്നത് പ്രസ്തുത ഭോദഗതി നിയമത്തിലൂടെ ഇല്ലാതാക്കിയിരിക്കുകയാണ്. ക്രഡിറ്റ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ കോൺഗ്രസ് ഉൾപ്പെടെ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കക്ഷിരാഷ്ട്രീയഭേദമില്ലാതെ സഹകരണ മേഖല ഉന്നയിക്കുന്ന ആവശ്യങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ്

മുന്നോട്ടുവന്നിരിക്കുകയാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അംഗീകാരമില്ലാതെ രൂപീകൃതമായ അർബൻ ബാങ്കുകൾക്ക് ജില്ലാ ബാങ്കിൽ അംഗത്വം കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് 30 മാസങ്ങൾക്കുള്ളിൽ സഹകരണ മേഖലയിലെ നിക്ഷേപം ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ സാധിച്ചു. കുടിശ്ശിക നിർമ്മാർജ്ജനത്തിന് സഹകരണ മേഖലയിൽ ഇത്തരത്തിലൊരു നീക്കം നടന്നകാലം ചരിത്രത്തിൽ ഉണ്ടായിട്ടില്ല. കഴിഞ്ഞ 30 മാസംകൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിൽ 16,000 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. സഹകരണ മേഖല അഴിമതി വിമുക്തമാക്കുന്നതിന് ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിംഗ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് തസ്തിക സൃഷ്ടിച്ച് ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ചെയ്യുന്ന പല കാര്യങ്ങളും ജില്ലാ ബാങ്കുകൾ ചെയ്യുന്നതുവഴി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ജില്ലാ ബാങ്കുകൾക്ക് ശാഖകൾ അനുവദിക്കുന്നത് നിരുത്സാഹപ്പെടുത്തണം. പ്രാഥമിക സഹകരണ സംഘങ്ങളുടെ പരിധിക്ക് പുറത്തുള്ള വായ്പ മാത്രമേ ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് കൊടുക്കാവൂവെന്നുള്ള തീരുമാനമെടുക്കണം. റിസർവ് ബാങ്ക് സഹകരണ സംഘങ്ങൾക്ക് കൊടുത്തിരിക്കുന്ന അനിയന്ത്രിതമായ അവകാശം ദുരുപയോഗപ്പെടുത്തി കൂടുതൽ പലിശ ഈടാക്കുന്ന കാര്യം പരിശോധിച്ച്

ഒരു സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കുന്നതിന് ഇടപെടലുകൾ ഉണ്ടാകണം. ആഡിറ്റ് പരിശോധിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് കാർഷിക വായ്പ ഫലവത്തായി കൊടുക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണം. അർബൻ ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന സർക്കാർ ഒപ്പിട്ട എം.ഒ.യു.വിലെ വ്യവസ്ഥകൾ അടിയന്തിരമായി നടപ്പിലാക്കണം. വായ്പയ്ക്ക് ഈട് കൊടുക്കണമെന്ന നബാർഡിന്റെ നിർദ്ദേശത്തെത്തുടർന്ന് നബാർഡ് വായ്പകൾ കുറയാനിടയായതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള ഇടപെടൽ ഉണ്ടാകണം. നിക്ഷേപ സമാഹരണത്തിന് ആർ.ബി.ഐ. കൊടുക്കുന്ന പലിശ ആറര ശതമാനമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. കെ. രാജു:</u> 2008-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സഹകരണരംഗം പുഷ്ടി പ്രാപിച്ചുവരികയാണ്. സഹകരണ പ്രസ്ഥാനത്തെ വളർത്താനുതകുന്ന വിധത്തിലുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. 1680-ഓളം വരുന്ന പ്രൈമറി സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ പേപ്പർ സംഘങ്ങൾ ഇടപെടുന്ന സ്ഥിതി ഒഴിവാക്കണം. പ്രാഥമിക സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് ഇവ തമ്മിലുള്ള മെച്ചപ്പെട്ട ബന്ധം നിലനിർത്തിക്കൊണ്ട് ത്രീടയർ സിസ്റ്റം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകണം. സർവ്വീസ് സഹകരണ ബാങ്കുകളുടെ പേര്

മാറ്റണം. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കേരളത്തിലെ പ്രത്യേകതകൾ മനസ്സിലാക്കി പോരായ്മകൾ പരിഹരിച്ച് നടപ്പിലാക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. .

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പ്രതിപക്ഷം ഉന്നയിച്ച കമ്പ്യൂട്ടറൈസേഷൻ അടക്കമുള്ള പ്രൊഫഷണലിസം സഹകരണ മേഖലയിൽ അനിവാര്യമാണ്. ആഡിറ്റിന്റെ കാര്യത്തിലും ഗവൺമെന്റ് അത്തരത്തിലുള്ള ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ സ്ഥാപനങ്ങളിലെ ആഡിറ്റ് പ്രത്യേക വിഭാഗമായി കണക്കാക്കി അതിനെ ആഡിറ്റർ ജനറലിന്റെ കീഴിൽ കൊണ്ടുവന്നു. ചെറിയ സാങ്കേതികതടസ്സം നീക്കി എത്രയുംവേഗം പ്രസ്തുത സംവിധാനത്തിൽ ആഡിറ്റ് ആരംഭിക്കുന്നതാണ്. ആഡിറ്റർക്കുള്ള യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള അമെന്റ്മെന്റ് ബിൽ താമസിയാതെ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. ഹൗസ് ഫെഡിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന ആക്ഷേപമൊന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. നിലവിലുള്ളവയിൽ നൂറിലേറെ സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. ബാക്കിയുള്ളവയും കൂടി ലാഭത്തിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. ആഡിറ്റർമാർ കുറ്റം കാണിച്ചാൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കാം. ധാരാളം യുവതീ-യുവാക്കൾക്ക് സുസ്ഥിരമായ തൊഴിൽ പ്രദാനം ചെയ്ത് ശമ്പളം കൃത്യമായി നൽകുന്ന റബ്കോയിൽ പ്രവർത്തന മൂലധനത്തിന്റെ പ്രശ്നമുണ്ട്. സംസ്ഥാന ഗവൺമെന്റ് വർഷംതോറും ഗ്രാന്റ് കൊടുക്കുകയാണെങ്കിൽ

നന്നായിരിക്കും. ഗവൺമെന്റ് ഗ്യാരന്റിയിൽ റബ്കോയ്ക്ക് 50 കോടി രൂപ എൻ.സി.ഡി.സി.യിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. സഹകരണപ്രസ്ഥാനത്തിന്റെ അടിത്തറ തകർക്കുക, തെരഞ്ഞെടുപ്പിനെ ചോദ്യം ചെയ്യുക, പ്രൈമറി സഹകരണ സംഘങ്ങൾ എവിടെയുള്ളതായാലും ഡെപ്പോസിറ്റ് വാങ്ങാം തുടങ്ങിയ സഹകരണവിരുദ്ധ നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ വൈദ്യനാഥൻ കമ്മീഷന് അടിയറ വയ്ക്കാൻ തയ്യാറല്ല; എന്നാൽ ചർച്ച ചെയ്യാൻ തയ്യാറാണ്. സഹകരണ ലോട്ടറി ഏറ്റവും മികച്ച ലോട്ടറി എന്നാണ് അഭിപ്രായം. സഹകരണ പ്രസ്ഥാനത്തെ സഹകാരികളുടെ മഹത്തായ പ്രസ്ഥാനമാക്കി മാറ്റാൻ 30 മാസത്തെ പ്രവർത്തനംകൊണ്ട് കഴിഞ്ഞു. അർബൻ ബാങ്കുകളെ വളർത്തിക്കൊണ്ടുവരാനുതകുന്ന ഈ ബിൽ സബജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 5.48-ന് പിരിഞ്ഞു.

......................